**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1627** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കേരളോത്സവം കൂട്ടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടെ നടത്തിവരുന്ന കേരളോത്സവം കൂടുതൽ കാര്യക്ഷമമായി നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ വർഷത്തെ കേരളോത്സവം 2026 ഒക്ടോബർ 1 മുതൽ പ്രാഥമികതലം മത്സരങ്ങൾ ആരംഭിച്ച് ഡിസംബർ അവസാനവാരം സംസ്ഥാനതല മത്സരങ്ങൾ പൂർത്തിയാക്കുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളോത്സവം മത്സരങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ തയ്യാറാക്കി എല്ലാ സ്ഥാപനങ്ങൾക്കും നൽകുകയും യുവജനങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും സജ്ജമാക്കിയിട്ടുമുണ്ട്. പഞ്ചായത്ത് തലത്തിൽ കേരളോത്സവവുമായി ബന്ധപ്പെട്ട മത്സരങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**(ബി)** യുവജനങ്ങളെ കേരളോത്സവം പരിപാടി കൂടുതൽ ആകർഷിക്കുവാൻ വേണ്ടി വിജയിക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുകയും അപ്രകാരം ലഭിക്കുന്ന ഗ്രേസ് മാർക്ക് ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ജോലി ലഭിക്കുന്നതിനും പരിഗണിക്കുന്നതിനാവശ്യമായ നിയമങ്ങൾ രൂപീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരളോത്സവം മത്സര വിജയികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ചും, ആയത് ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ജോലി ലഭിക്കുന്നതിനും പരിഗണിക്കുന്നതുമായ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**